**D2AML1901 (S1)** **(2 Pages)** **Name:..........................**

**Reg.No:........................**

**SECOND SEMESTER M.A. DEGREE EXAMINATION, APRIL 2021**
**(Improvement/Supplementary/Special)**

**മലയാളം**

**FMAL2C05 - ആധുനിക മലയാളഗദ്യം**

**Time: Three Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. കുഞ്ചുവമ്മാവന്റെയും കുഞ്ഞിക്കാവിന്റെയും സൗഹൃദത്തിന്റെ വ്യത്യസ്ത തലങ്ങൾ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
2. ചന്തുമേനോന്റെ എഴുത്തിന്റെ സവിശേഷത ശാരദ'യെ അടിസ്ഥാനമാക്കി വിലയിരുത്തുക.
3. 'മേഘസന്ദേശം' എന്ന ലേഖനത്തിലൂടെ മാരാർ മുന്നോട്ടുവയ്ക്കുന്ന ദർശനമെന്ത്?
4. 'തള്ളയെ കിട്ടിയില്ലെങ്കിലും കുട്ടിയെ എനിക്കു വേണം' - സന്ദർഭം വിശദമാക്കുക.
5. രുദ്രാക്ഷമാഹാത്മ്യ'ത്തിൽ സഞ്ജയൻ അവതരിപ്പിക്കുന്ന നിരീക്ഷണങ്ങളെന്തെല്ലാം?
6. 'ഭൂമിയുടെ രസതന്ത്രം' എന്ന ലേഖനത്തിലെ പാരിസ്ഥിതിക ദർശനം വിശദമാക്കുക.
7. രാജൻ കാക്കനാടൻ 'വഴിയമ്പലത്തിലും പുൽക്കുടിലിലും' എന്ന ലേഖനത്തിലൂടെ മുന്നോട്ടുവയ്ക്കുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം?

**(4 x 2 = 8 വെയിറ്റേജ്)**

**ഭാഗം II. 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. മുണ്ടശ്ശേരിയുടെ നിരൂപണരീതിയെ 'സന്ദേശം അതൊന്നേയുള്ളൂ' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.
9. വിശ്വസ്നേഹത്തിലേക്കുള്ള പ്രയാണമാണ് 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവലിലെ പ്രമേയം - വിശദീകരിക്കുക.

(തുടർച്ച....2)

10. ചിത്രകലയും കാവ്യകലയും തമ്മിലുള്ള വ്യത്യാസമായി എം. പി. പോൾ നിരീക്ഷിക്കുന്ന കാര്യങ്ങൾ എന്തെല്ലാം?
11. 'കടയനല്ലൂരിലെ ഒരു സ്ത്രീ' എന്ന കഥയിലെ 'ബാലചന്ദ്രൻ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.
12. 'അമ്മ എന്നോട് പറഞ്ഞ നുണകൾ' എന്ന കഥയെ അടിസ്ഥാനമാക്കി പെണ്ണെഴുത്തിന്റെ സാധ്യതകൾ വിവരിക്കുക.
13. സി. ജെ. തോമസിന്റെ നാടകവിവർത്തനങ്ങൾ അദ്ദേഹത്തിന്റെ നാടകാവബോധത്തിന്റെ വളർച്ചയെയും തീക്ഷ്ണതയെയും കാണിക്കുന്നവയാണ്. 'അവൻ വീണ്ടും വരുന്നു' എന്ന നാടകത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക
14. സാഹിത്യത്തിലെ ആധുനികതയുടെ ശബ്ദമാണ് 'ശബ്ദങ്ങ'ളിൽ മുഴങ്ങുന്നത് - ചർച്ച ചെയ്യുക.

**(4 x 3 = 12 വെയിറ്റേജ്)**

**ഭാഗം III. 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. എം. ടി. യുടെ രചനയിൽ കാല്പനികമായ അന്യതാബോധം തുറന്നു കാണിച്ച കൃതിയാണ് 'കാലം'. ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.
16. ഭാഷയിലും സംഭാഷണത്തിലും അംഗചലനത്തിലും എല്ലാം ഒരു പുതിയ നാടകീയത സൃഷ്ടിച്ച എഴുത്തുകാരനാണ് സി. എൻ. ശ്രീകണ്ഠൻനായർ. 'കാഞ്ചനസീത'യെ അടിസ്ഥാനമാക്കി വിലയിരുത്തുക.
17. കെ. പി. അപ്പന്റെ നിരൂപണരീതിയെ 'കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ' എന്ന ലേഖനത്തെ അപഗ്രഥിച്ച് വിലയിരുത്തുക.
18. സാമൂഹികപരിവർത്തനം ലക്ഷ്യമാക്കിയ കൃതി എന്ന നിലയിൽ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തെ പരിചയപ്പെടുത്തുക

**(2 x 5 = 10 വെയിറ്റേജ്)**